**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4655** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുത്തുപറമ്പ് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പൊതു ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നത് വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (എ) | ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഭൂമി പദ്ധതികളുടെ ഭാവി വികസന പ്രവർത്തനങ്ങക്ക് വേണ്ടിയാണ് ഏറ്റെടുക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഒഴിഞ്ഞ് കിടക്കുന്ന ഭൂമി പ്രോജക്റ്റിന്റെ വരുംകാല ആവശ്യങ്ങൾക്ക് വേണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ആവശ്യമായി വരുന്ന വകുപ്പുകൾക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കുത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിൽ എലാങ്കോട് കാപ്പുമ്മലിലെ മൂന്ന് ഏക്കറോളം വരുന്ന സ്ഥലം ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലാണോ; പ്രസ്തുത സ്ഥലം കായിക വകുപ്പിന് സ്റ്റേഡിയം നിർമ്മിക്കുന്നതിന് വിട്ടുനൽകുമോ; വിശദമാക്കാമോ; | (ബി) | പാനൂർ നഗരസഭ പരിധിയിലെ പാനൂർ അംശം എലാങ്കോട് ദേശത്ത് കാപ്പുമലിൽ റീ.സ നമ്പർ 29/5, 29/10, 29/09 ൽ പ്പെട്ട 3 ഏക്കർ ഭൂമി ജലവിഭവ വകുപ്പിന്റേതാണ്. പ്രസ്തുത സ്ഥലം കായിക വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസൽ ഒന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | കുത്തുപറമ്പ് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ കോട്ടയം പഞ്ചായത്തിലും അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കാൻ മൊകേരി പഞ്ചായത്തിലും ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുനൽകണമെന്ന അപേക്ഷയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | കുത്തുപറമ്പ് ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ കണ്ണൂർ ജില്ലയിൽ കോട്ടയം പഞ്ചായത്തിൽ ആവശ്യപ്പെടുന്ന സ്ഥലം പഴശ്ശിപദ്ധതിയുടെ ഭാവി വികസന പദ്ധതികൾക്ക് അത്യന്താപേക്ഷിതമാണ്. ആയതിനാൽ പ്രസ്തുത ഭൂമി അനുവദിച്ച് കൊടുക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ മൊകേരി പഞ്ചായത്തിൽ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുവാനായി ഭൂമി അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ